Reg. No. : ....................................

Name : ...........................................

**SY 722**

# SECOND YEAR HIGHER SECONDARY EQUIVALENCY EXAMINATION, MAY 2024

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ ഉത്തരം എടുത്തെഴുതുക. സ്കോർ 1 വീതം.** **(5×1=5)**

**1.** ജീവിതപ്പോരിൽ അപചയം സംഭവിച്ചതാർക്ക് ?

(കവിക്ക്, സോദരന്, യോദ്ധാവിന് )

**2.** 'മുരിങ്ങ എളുപ്പത്തിൽ പൊട്ടുന്ന മരമാണ്. വീട്ടിനരികെ അത് നടരുത്' – എന്ന് പറഞ്ഞതാര് ?

(ഭാര്യ, അപ്പു, കഥാകൃത്ത് )

Score

3. ഗൗളീജന്മം എന്ന കഥയിൽ പരാമർശിക്കുന്ന പൊൻകുന്നം വർക്കിയുടെ കഥാപാത്രം ഏത് ?

(ആൺ ഗൗളി, ആരതി, കിശോരിലാൽ)

4. ''എന്റെ കൈത്തണ്ടിലീ രാഖിച്ചരടു നീ

ബന്ധിച്ചു തെല്ലിട മിണ്ടാതെ നിന്നുവോ ?''

– ഈ വരികളിൽ പരാമർശിക്കുന്ന രാഖിച്ചരട് എന്തിന്റെ പ്രതീകമാണ് ?

(സാഹോദര്യം, പ്രണയം, കാപട്യം)

5. ഒപ്പനപ്പാട്ടുകളിലെ ഭാഷാരീതി ഏത് ?

(മണിപ്രവാളം, സുറിയാനി മലയാളം, അറബി മലയാളം)

6. ''നിന്റെ ജീവിതം നിൻകാര്യം മാത്രം'' – എന്ന് പറഞ്ഞത് ആര് ?

(തള്ളക്കോഴി, കോഴിക്കുഞ്ഞ്, പരുന്ത്)

**ചേരുംപടി ചേർക്കുക. സ്കോർ 1 വീതം.** **(5×1=5)**

7. അതിരുകളില്ലാത്ത സ്നേഹം – ശിവസുബ്രഹ്മണ്യയ്യർ

8. ഉദാത്തമായ സന്ദേശങ്ങൾ – സന്ദർശക

9. സുകൃതം – ചേന്നൻ പറയൻ

10. ഗൗളീജന്മം – രവി

11. വെള്ളപ്പൊക്കത്തിൽ – ഖാദർ സായ്‌വ്

**Score**

**12 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒറ്റ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 1 വീതം.** **(4×1=4)**

**12.** ''നല്ല മരതകക്കല്ലിനോടൊത്ത കല്യാണരൂപൻ'' – എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെ ?

**13.** ''പരിക്ഷീണവും ഹൃദയസ്പൃക്കുമായ ആ ദീനരോദനം അങ്ങ് കാറ്റിൽ ലയിച്ചു.''
– ദീനരോദനം ആരുടേത് ?

**14.** ''ജീവിതമെന്ന അത്ഭുതം'' – ആരുടെ കൃതിയാണ് ?

**15.** മുറിപ്പാടിൽ നീരൊലിച്ചു നിന്നതാര് ?

**16.** ആരും പണിയാത്ത വലിയ വീട്ടിൽ കഴിയുന്നതാര് ?

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 5 വീതം.** **(4×5=20)**

**17.** ''നട്ടെല്ലു തെല്ലും വളഞ്ഞിടാതെ
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചു നീ
പോരുക ! പോരുക ! പുണ്യവാനേ ! '' – വരികളിലെ ആശയം വിശദീകരിച്ച് കുറിപ്പെഴുതുക.

**18.** പെൺകുട്ടി തന്റെ പെങ്ങളാണെന്ന് കവിയ്ക്ക് തോന്നിയതെന്തുകൊണ്ട് ? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

Score

**19.** നിങ്ങൾ കണ്ട ഒരു നാടോടി കലാരൂപത്തെക്കുറിച്ച് ചെറുവിവരണം നൽകുക.

**20.** തോട്ടുവക്കിലെ കൈതയ്ക്കകത്ത്

തെറ്റിപൂത്ത പടർപ്പിനകത്ത്

കാറ്റു തിന്നു കഴിയുന്ന വർഗ്ഗം

കാത്തിരിപ്പൂ, കരുതി നടക്ക.'' – വരാൻ പോകുന്ന അപകടാവസ്ഥയെക്കുറിച്ചുള്ള മുന്നറിയിപ്പാണോ തള്ളക്കോഴി നൽകുന്നത് ? വരികൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**21.** 'ലോകമേ തറവാട്' എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി നാടോടികളും വീട്ടുകാരും എന്ന കവിതയ്ക്ക് ലഘുകുറിപ്പ് തയ്യാറാക്കുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 6 വീതം.** **(4×6=24)**

**22.** പട്ടികപ്പെടുത്തുക.

* രാസവളങ്ങൾ
* ജൈവവളങ്ങൾ
* ജൈവ കീടനാശിനി
* മണ്ണ്, വായു, ജലം എന്നിവയെ മലിനപ്പെടുത്തുന്നു

Score

* പ്രകൃതിയ്ക്കനുകൂലം

* രാസകീടനാശിനികൾ

| ജൈവകൃഷി | രാസവള കൃഷി |
| --- | --- |
| * | * |
| * | * |
| * | * |

**23.** ''നീണ്ടുപോകുമ്പോൾ എല്ലാവർക്കും മടുക്കും.
വേഗം തീർന്നു കിട്ടണേയെന്ന് മനസ്സിൽ
പ്രാർത്ഥിയ്ക്കാനും തുടങ്ങും'' – വരികളെ ആസ്പദമാക്കി സുകൃതത്തിലെ രവിയുടെ മാനസികനില വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**24.** രാമേശ്വരം എലിമെന്ററി സ്കൂളിലെ പഠനകാലത്ത് അധ്യാപകനിൽ നിന്ന് എ. പി. ജെ. അബ്ദുൾ കലാമിനു നേരിടേണ്ടി വന്ന അനുഭവത്തെക്കുറിച്ച് വിവരിക്കുക.

**25.** തന്റെ വേദനകളല്ല, മുരിങ്ങയുടെ നാശമാണ് കഥാകാരനെ വേദനിപ്പിച്ചത്. 'ജീവന്റെ വഴി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തുക.

**26.** ഇനിയൊരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് നായ ചിന്തിക്കുവാനിടയായ സാഹചര്യം എന്ത് ? 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

Score

**താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് 27 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്തി എഴുതുക. സ്കോർ 2 വീതം.** **(3×2=6)**

അറിവ് ശക്തിയാണ്. ഏറ്റവും പുതിയ അറിവുകൾ ബഹുജനങ്ങളിൽ എത്തിക്കാനുള്ള മാധ്യമങ്ങളിൽ ഒന്നാണ് വർത്തമാനപ്പത്രങ്ങൾ. വർത്തമാനപ്പത്രങ്ങൾ ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ല. ജനാധിപത്യത്തിന്റെ നാല് നെടുംതൂണുകളിൽ മൂന്നെണ്ണം പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയാണെങ്കിൽ നാലാമത്തേത് പത്രങ്ങളാണ്. നീതി നിലനിർത്തുക, സത്യം പരിരക്ഷിയ്ക്കുക, അച്ചടക്കം പരിപോഷിപ്പിക്കുക, സ്വഭാവ മഹിമ വളർത്തിയെടുക്കുക എന്നിവ ശക്തവും സ്വതന്ത്രവുമായ ഒരു പത്രലോകത്തിന് വളർത്തിയെടുക്കാൻ കഴിയുന്ന കാര്യങ്ങളാണ്. പത്രവായനയാണ് മലയാളികളുടെ ഒരു പ്രധാനപ്പെട്ട സാംസ്കാരിക മുദ്ര അഥവാ ഭക്ഷണം.

**27.** ജനാധിപത്യത്തിന്റെ നാല് നെടുംതൂണുകൾ ഏതെല്ലാം ?

**28.** ശക്തവും സ്വതന്ത്രവുമായ ഒരു പത്രലോകത്തിന് വളർത്തിയെടുക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാം ?

**29.** മലയാളികളുടെ പ്രധാനപ്പെട്ട സാംസ്കാരിക മുദ്ര എന്താണ് ?

Score

**30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം.** **(2×8=16)**

**30.** ''അതിരുകളില്ലാത്ത സ്നേഹത്തിനു മാത്രമേ കാലത്തെ തോല്പിക്കാനുള്ള കെല്പുള്ളൂ.'' – ഖാദർ സായ്‌വിന്റെയും ആമിനുമ്മയുടെയും ജീവിതത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവന വിലയിരുത്തുക.

**31.** ഗൗളീജന്മം എന്ന കഥയിലെ സാമൂഹിക വിമർശനതലം എന്ത് ? വിശകലനം ചെയ്യുക.

**32.** ''എല്ലാ യുദ്ധത്തിന്റെയും പര്യവസാനം ദുരന്തത്തിലാണ്.'' ഗാന്ധാരീ വിലാപം എന്ന പാഠഭാഗം ആസ്പദമാക്കി നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

---